# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 132
## 03.02.2020-ലെ മറുപടി

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

**ചോദ്യം:**

**ശ്രീ.പി.കെ.അബ്ദു റബ്ബ്**

**മറുപടി :**

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് പോലീസുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് ഔദ്യോഗികാവശ്യത്തിനായി അനുവദിച്ച് നൽകിയിട്ടുള്ള വാഹനങ്ങളുടെ ദുരുപയോഗം വ്യാപകമാണെങ്കിലും അത് സംബന്ധമായി പരാതി ലഭിച്ചാലല്ലാതെ അന്വേഷണം നടത്തി നടപടി സ്വീകരിക്കില്ലെന്ന നിലപാടിൽ മാറ്റം വരുത്തി ബന്ധപ്പെട്ട അന്വേഷണ വകുപ്പ് സ്വമേധയാ ദുരുപയോഗം കണ്ടെത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; | സംസ്ഥാന സർവ്വീസിലുള്ള ഉദ്യോഗസ്ഥർ വാഹന ദുരുപയോഗം നടത്തുകയാണെങ്കിൽ ആയത് സംബന്ധിച്ച് പരാതിയുടെ അടിസ്ഥാനത്തിലും പരാതി ലഭിക്കാതെ തന്നെയും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24/02/2003-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 113/2003/ധന പ്രകാരവും 02/08/2008-ലെ നമ്പർ. 41/2008/ധന സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ചും ധനകാര്യ (പരിശോധന-എൻ.റ്റി) വകുപ്പ് പരിശോധന നടത്താറുണ്ട്. |
| (ബി) ഉന്നത ഉദ്യോഗസ്ഥരുടെ ഇത്തരം കേസുകൾ പരിശോധിക്കുന്നതിനും പിടികൂടുന്നതിനും നിലവിലെ സംവിധാനം അപര്യാപ്തമായതിനാൽ പരിശോധന വിഭാഗത്തിന്റെ അധികാര വ്യാപ്തി വർദ്ധിപ്പിച്ച് നൽകുന്നതിനും ഇക്കാര്യത്തിൽ ആവശ്യമായ മിന്നൽ പരിശോധന നടത്തുന്നതിനും തയ്യാറാകുമോ? | ഉന്നത ഉദ്യോഗസ്ഥരുടെ അടക്കം വാഹന ദുരുപയോഗം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം 24/02/2003-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 113/2003/ധന പ്രകാരവും 02/08/2008-ലെ നമ്പർ. 41/2008/ധന സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ചും ധനകാര്യ (പരിശോധന-എൻ.റ്റി) വകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**